TB Movie Panel Weekly Review

**#Moviepanel**

ഒരു ചെറുപുഞ്ചിരി

Written By: Athira Chandini Pillai

ചില സിനിമകൾ കാണുമ്പോൾ നമുക്ക് കുട്ടിക്കാലത്തേക്ക് തിരിച്ചു പോകാൻ തോന്നും, ചിലതു സ്കൂൾ ജീവിതവും കലാലയ ജീവിതവും ഓർമിപ്പിക്കും.

എന്നാൽ അത്രമേൽ കൊതിപ്പിക്കുന്ന ,അസൂയപ്പെടുത്തുന്ന ഒരു വാർദ്ധക്യ കാലം നമുക്ക് മുന്നിലേയ്ക്കെ ത്തിക്കാൻ എത്ര മലയാള സിനിമകൾക്ക് കഴിഞ്ഞു എന്നുള്ളത് സംശയമാണ്.

ശ്രീ എം ടി വാസുദേവൻ നായർ കഥയും തിരക്കഥയും നിർവഹിച്ചു 2000 ത്തിൽ പുറത്തിറങ്ങിയ മലയാളസിനിമ കണ്ട ഏറ്റവും മികച്ച ഒരു പ്രണയ കഥയാണ് 'ഒരു ചെറു പുഞ്ചിരി'.

റിട്ടയേർഡ് എസ്റ്റേറ്റ് മാനേജർ കൃഷ്ണ കുറുപ്പിന്റെയും ഭാര്യ അമ്മാളുഅമ്മയുടെയും കഥ സിനിമയുടെ പേര് പോലെ തന്നെ ഒരു ചെറു പുഞ്ചിരിയോടെയല്ലാതെ കണ്ടു തീർക്കാനാകില്ല.

വാർദ്ധക്യകാലം ആഘോഷമാക്കിയ ഒരു കൊച്ചു സിനിമ.

49 വർഷത്തെ അവരുടെ ഒരുമിച്ചുള്ള യാത്ര 1 .5 മണിക്കൂർ മാത്രം നീണ്ട ഒരു സിനിമ എത്രത്തോളം മനോഹരമായി ഒപ്പി എടുത്തിരിക്കുന്നു.

അവിടെ സൗന്ദര്യ പിണക്കങ്ങളുണ്ട്, കലഹങ്ങളില്ല, അഭിപ്രായ വത്യാസങ്ങളുണ്ട് എന്നാൽ ചർച്ചകളുമുണ്ട്.

അവർക്കൊപ്പം തൊടിയിലെ ചീര തയ്യും , വെള്ളരിക്കയും ,വഴുതനങ്ങയുമൊക്കെ കഥ പറയുമ്പോൾ ഒരു ചെമ്പകത്തിനു തളിര് വന്നതറിഞ്ഞു കൊച്ചു കുട്ടിയെ പോലെ ആഹ്ലാദിക്കുന്ന കൃഷ്ണക്കുറുപ്പെന്ന കഥാപാത്രം നമ്മെ ഒരേ നിമിഷം സന്തോഷിപ്പിക്കുകയും അത്ഭുത പ്പെടുത്തുകയും ചെയ്യും.

പ്രായം വെറും അക്കം മാത്രമാണെന്ന് തെളിയിച്ചു കൊണ്ട് തങ്ങളുടെ വാർദ്ധ ക്യകാലം ആസ്വദിക്കുകയാണ് കുറുപ്പും അമ്മാളുഅമ്മയും.

പിരിവിനു വരുന്നവരോട് സ്കൂളിൽ ഉച്ചക്കഞ്ഞി മുടങ്ങിയതിനെപ്പറ്റി പോയി അന്വേഷിക്കാൻ പറയുന്ന ,

അന്യമതത്തിൽപ്പെട്ട ആളെ സ്നേഹിക്കുന്ന പേരക്കുട്ടിക്ക് പൂർണ പിന്തുണ നൽകി ചേർത്ത് നിർത്തുന്ന ,

അയല്പക്കത്തെ പെൺകുട്ടിയെ പെണ്ണുകാണാൻ വരുന്നവരോട് സ്ത്രീധനകാര്യം പറഞ്ഞതിന് ഇറങ്ങിപ്പോകാൻ പറയുന്ന കുറുപ്പ്.

വിവിധ സന്ദർ ഭങ്ങളിലൂടെ കുറുപ്പിനെ നമുക്ക് പ്രിയപ്പെട്ടതാക്കുന്നുണ്ട് സിനിമ .

വെയിൽ മങ്ങിയ വൈകുന്നേരങ്ങളിൽ വീടിന്റെ വരാന്തയിൽ അമ്മാളു അമ്മയുടെ മുടി ചീകികൊടുക്കുന്ന കുറുപ്പിനരികെ ചെന്നിരിക്കാനും,

അവർ കരുതലോടെ നട്ടുവളർത്തുന്ന വെള്ളരിക്കയും ചീരയുമൊക്കെ ആടും പയ്യും കയറാതെ കാവലിരിക്കാനും,

അമ്മാളു അമ്മ കുറുപ്പിന് കൊടുക്കാതെ ചിരകി വയ്ക്കുന്ന തേങ്ങയിൽ നിന്ന് അല്പം കട്ടെടുത്തു ആ ഭക്ഷണപ്രിയനായ മുത്തച്ഛന് നൽകാനുമൊക്കെ നമ്മെ മനസുകൊണ്ട് തോന്നിപ്പിക്കുന്നുണ്ട് നിഷ്കളങ്കമായ ഈ സിനിമ.

ഇത്രത്തോളം ഗൃഹാതുരത്വം ഉണ്ടാക്കാൻ എം ടി യുടെ മാന്ത്രിക തൂലികയ്ക്കല്ലാതെ ആർക്കാണ് കഴിയുക.

കൃഷ്ണക്കുറുപ്പായി ഒടുവിൽ ഉണ്ണികൃഷ്ണനും അമ്മാളുഅമ്മയായി നിർമല ശ്രീനിവാസനും നമ്മുടെ ഹൃദയം കീഴടക്കുന്നു.

കണ്ടുകൊണ്ടിരിക്കുമ്പോൾ തീരാതിരുന്നെങ്കിൽ എന്ന് തോന്നിപ്പിക്കുന്ന ഒരു മനോഹര സിനിമ .